साहित्य अकादेमी
रवीन्द्र भवन, 35 फीरोज़शाह मार्ग, नई दिल्ली-110 001
तार : साहित्यकार, दूरभाष : 2338 6626-28
फैक्स : 091-11-2338 2428
Sahitya Akademi
(National Academy of Letters)
Rabhindra Bhavan, 35 Ferozeshah Road, New Delhi 110001
Gram: Sahityakar, Phone: 2338 6626-28
Fax: 091-11-2338 2428 E-mail: secy@ndb.vsnl.net.in
website: http://www.sahitya-akademi.gov.in

18.08.2011

പത്രക്കുറിപ്പ്:

# ജീവിതരഹസ്യം ഒളിഞ്ഞിരിക്കുന്നത് നിസ്സഹായരുടെ ദുഃഖങ്ങളിൽ

## പെരുമ്പടവം ശ്രീധരൻ

ജീവിതത്തിന്റെ നശ്വരതയിൽനിന്ന് അനുഭൂതിയുടെ അനശ്വരതയിലേയ്ക്ക് സഞ്ചരിക്കുന്നവരാണ് സാഹിത്യകാരന്മാരെന്നും അവരുടെ എഴുത്ത് നിത്യതയുടെ തിരിവെട്ടമാണെന്നും സാഹിത്യ അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ പറഞ്ഞു. മൂന്നു ദിവസമായി നടന്നുവന്ന കേന്ദ്ര സാഹിത്യ അക്കാദമിയുടെ ദേശീയസാഹിത്യസംഗമത്തോടനുബന്ധിച്ച് സംഘടിപ്പിച്ച *എന്റെ ലോകം എന്റെ രചന* എന്ന സാഹിത്യകാര സംഗമത്തിൽ അദ്ധ്യക്ഷതവഹിച്ച് സംസാരിക്കുകയായിരുന്നും അദ്ദേഹം. മുറിവേറ്റ മനസ്സിന്റെ വേദനയുടെ മുഴക്കങ്ങൾ വായനക്കാരിലേയ്ക്ക് പുനരാനയിക്കുകയാണ് എഴുത്തുകാരൻ. എഴുതുമ്പോൾ ഹൃദയനൊമ്പരങ്ങൾ ഉരുകിയുരുകി ഇല്ലാതാവുകയാണ്. ഒറ്റപ്പെട്ട മനുഷ്യജീവിതങ്ങളെ സംബന്ധിച്ച് എഴുതാനാണ് തനിക്ക് പ്രിയമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിത്ര മുഡ്ഗൾ (ഹിന്ദി), മൃണാൾ ചന്ദ്ര കലിത (ആസ്സാമിസ്), കെ.ജി.ശങ്കരപ്പിള്ള,(മലയാളം), നീല പത്മനാഭൻ (തമിഴ്) എന്നിവർ സ്വന്തം രചനാ ജീവിതത്തിന്റെ അനുഭവങ്ങൾ പങ്കിട്ടു.

തുടർന്ന് നടന്ന കഥാവതരണത്തിൽ സാറാ ജോസഫ് അദ്ധ്യക്ഷതവഹിച്ചു. പ്രവീൺ സിംഗ് ചവഡ (ഗുജറാത്തി), കെ.പി.രാമനുണ്ണി (മലയാളം) എന്നിവർ കഥകൾ അവതരിപ്പിച്ചു.

ഉച്ചതിരിഞ്ഞ് 2 ന് നടന്ന കവിതാവതരണത്തിൽ അക്കിത്തം അച്യുതൻ നമ്പൂതിരി അദ്ധ്യക്ഷതവഹിച്ചു. മൃദുൽദാസ് ഗുപ്ത (ബംഗാളി), എ.ജെ.തോമസ് (ഇംഗ്ലീഷ്), ആരതി എച്ച്.എൻ (കന്നഡ), ക്ഷേത്രി രാജൻ (മണിപ്പൂരി), പ്രഭാ ഗണോർക്കർ (മറാഠി), ഇന്ദ്രൻ (തമിഴ്), ശിഖാമണി (തെലുങ്ക്), ഖലീൽ ഉർ റഹ് മാൻ (ഉർദു) എന്നിവർ കവിതകൾ അവതരിപ്പിച്ചു.

അന്തരിച്ച കഥാകാരൻ സി.അയ്യപ്പനെ അനുസ്മരിച്ചുകൊണ്ട് സമാപനസമ്മേളനത്തിൽ പ്രൊഫ. എം.തോമസ് മാത്യു സംസാരിച്ചു. കീഴാളപക്ഷ എഴുത്തിന്റെ ജൈവികമായ കരുത്ത് മലയാളകഥയിൽ ആവിഷ്ക്കരിച്ച സി.അയ്യപ്പൻ ദളിത് സാഹിത്യ പ്രസ്ഥാനം സൃഷ്ടിച്ച മഹാപ്രതിഭാശാലിയായ എഴുത്തുകാരനാണെന്ന് തോമസ് മാത്യു അനുസ്മരിച്ചു.

കെ.ശ്രീനിവാസ റാവു
ഡെപ്യൂട്ടി സെക്രട്ടറി